ഖുത്ബ നമ്പർ
41
11-10-2013

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

## ജുമുഅ ഖുത്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز
വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, കാക്കനാട്

# ബൈഅത്ത് നിബന്ധനകളെ പാലിക്കാൻ ബദ്ധശ്രദ്ധരാകുക

ഹദ്റത് മസീഹ് മൗഊദ് (അ) ഒരിടത്ത് പറയുന്നു, വിശ്വാസങ്ങളെ ദൃഢപ്പെടുത്തുവാനും അല്ലാഹുവിന്റെ അസ്ഥിത്വം ജനങ്ങളിൽ സ്ഥാപിച്ച് കാണിക്കുന്നതിനും വേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. കാരണം എല്ലാ സമുദായങ്ങളുടെയും വിശ്വാസം അങ്ങേയറ്റം ക്ഷയിച്ച അവസ്ഥയിലാണുള്ളത്. പരലോകത്തെ കേവലം കഥയായിട്ടാണ് മനസ്സിലാക്കിയിരിക്കുന്നത്. ഭൗതിക പദവികളിലും സ്ഥാനമാനങ്ങളിലും ഉള്ളതു പോലുള്ള വിശ്വാസം, ഭൗതിക മാധ്യമങ്ങളിൽ ഉള്ളതുപോലുള്ള ദൃഢവിശ്വാസം ഒരിക്കലും തന്നെ അല്ലാഹുവിലും പരലോകത്തും ഇല്ല എന്നതാണ് ഓരോ മനുഷ്യന്റെയും വ്യവഹാരങ്ങൾ മനസ്സിലാക്കിത്തരുന്നത്. ഭാഷണങ്ങൾ പലതുമുണ്ട്. എന്നാൽ ഹൃദയങ്ങളിൽ ഭൗതികതയോടുള്ള ആസക്തിയാണ് മികച്ചു നിൽക്കുന്നത്. ഹദ്റത് മസീഹ് (അ) യഹൂദികളെ കണ്ടതും ഇതേ അവസ്ഥയിലായിരുന്നു. വിശ്വാസ ക്ഷയത്താൽ യഹൂദികളുടെ ധാർമ്മികാവസ്ഥയും വളരെ വികലമായിരുന്നു. ദൈവിക സ്നേഹം ഇല്ലാതായിരുന്നു. ഇപ്പോൾ എന്റെ കാലഘട്ടത്തിലും ഇതേ അവസ്ഥയാണ്. അതിനാൽ സത്യത്തിന്റെയും വിശ്വാസത്തിന്റെയും കാലഘട്ടം വീണ്ടും വരുന്നതിനും, ഹൃദയങ്ങളിൽ ഭയഭക്തി ഉടലെടുക്കുന്നതിനും വേണ്ടി ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. എന്റെ വ്യക്തിത്വത്തിന്റെ അടിസ്ഥാന ലക്ഷ്യം ഇവയാണ്. ആകാശം ഭൂമിയിൽ നിന്നും വളരെ ദൂരപ്പെട്ട ശേഷം വീണ്ടും സമീപസ്ഥമാകുമെന്ന് പറയപ്പെട്ടിരിക്കുന്നു.

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന് വാദിക്കുന്നവരായ നാം ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ നിയോഗലക്ഷ്യത്തെ എത്രത്തോളം പൂർത്തിയാക്കുന്നവരാണ് എന്നത് ആത്മപരിശോധന നടത്തേണ്ടതാണ്. വിശ്വാസത്തെ ദൃഢപ്പെടുത്തുവാനാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്നാണ് ആ മഹാത്മാവ് പ്രഖ്യാപിച്ചത്. നമ്മുടെ വിശ്വാസം ദൃഢപ്പെട്ടു കൊണ്ടിരിക്കുന്നുണ്ടോ എന്നുള്ളത് നാം ഓരോരുത്തരും വിശകലനം ചെയ്യേണ്ടതുണ്ട്.

ദൈവാസ്ഥിത്വം സ്ഥാപിതമാകുമ്പോഴാണ്, ദൈവത്തിൽ പൂർണ്ണ വിശ്വാസമുണ്ടാകുമ്പോഴാണ് വിശ്വാസം ദൃഢമാകുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. പറയുന്നു, ഭൗതിക പദവികളിലും സ്ഥാനമാനങ്ങളിലുള്ള വിശ്വാസം ഇക്കാലത്ത് ദൈവത്തിലുള്ള വിശ്വാസത്തേക്കാൾ അധികരിച്ചിരിക്കുന്നു. അല്ലാഹുവിന് പകരമായി ഭൗതികതയിലേക്കാണ് കൂടുതൽ ശ്രദ്ധ. ദൈവവിശ്വസത്തിന് രണ്ടാം സ്ഥാനമാണുള്ളത്. ഭൗതികർക്കും ഭൗതിക വസ്തുക്കൾക്കാണ് ഇന്ന് കൂടുതൽ പ്രാധാന്യം കല്പ്പിക്കപ്പെടുന്നത്. നാം നമ്മുടെ ചുറ്റും കണ്ണോടിക്കുകയാണെങ്കിൽ ഈയൊരവസ്ഥയാണ് ദൃശ്യമാകുന്നത്. എന്നാൽ ഇന്ന് ലോകം അല്ലാഹുവിനേക്കാൾ കൂടുതലായി ഭൗതിക വസ്തുക്കളിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നത് കാണുന്നതിന് വേണ്ടിയാകരുത് പ്രത്യുത, നാം ഭൗതിക മാധ്യമങ്ങളിലാണോ അല്ലാഹുവിലാണോ കൂടുതൽ വിശ്വസിക്കുന്നതും ആശ്രയിക്കുന്നതും എന്ന് പരിശോധിക്കുന്നതിനു വേണ്ടിയായിരിക്കണം നാം നമ്മുടെ ചുറ്റുപാടും കണ്ണോടിക്കേണ്ടത്. ബൈഅത്ത് ചെയ്തതിനു ശേഷവും നാം അല്ലാഹുവിനെ തിരിച്ചറിയേണ്ട നിലയിൽ തിരിച്ചറിഞ്ഞിട്ടില്ലായെങ്കിൽ ഈ ബൈഅത്ത് നമുക്ക് ഗുണകാരിയാകില്ല. അഹ്മദി എന്ന് സ്വയം നമ്മെ വിശേഷിപ്പിക്കുന്നതിൽ യാതൊരു വിലയുമില്ല. ഇന്ന് നാം നമ്മുടെ ഭൗതിക യജമാനരെ പ്രസാദിപ്പിക്കുന്നതിനുള്ള ചിന്തയിലാണെങ്കിൽ, അവരെ പ്രസാദിപ്പിക്കുന്നത് അല്ലാഹുവിനെ പ്രസാദിപ്പിക്കുന്നതിനെക്കാൾ മഹത്വമുള്ളതായി മനസ്സിലാക്കുന്നുവെങ്കിൽ നാം ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യത്തെ പൂർത്തിയാക്കുന്നവരാകില്ല. നാം ആ മഹാത്മാവിന് നൽകിയ അനുസരണ പ്രതിജ്ഞയെ പാലിക്കുന്നവരാകില്ല. അഥവാ നാം ഭൗതിക ആചാരാനുഷ്ഠാനങ്ങൾക്ക് ദീനി അദ്ധ്യാപനങ്ങളേക്കാൾ പരിഗണന നൽകുകയാണെങ്കിൽ സ്വയം അഹ്മദി എന്ന് വിശേഷിപ്പിക്കുന്നത് കേവലം നാമമാത്രമായിരിക്കും.

ആ മഹാത്മാവ് പറയുന്നു, പ്രസ്താവനകൾ പലതാണ്. അല്ലാഹുവിൽ ഞങ്ങൾക്ക് വിശ്വാസമുണ്ട്, അല്ലാഹുവിനെ തന്നെയാണ് ഞങ്ങൾ ഏറ്റവും ഉന്നത അസ്ഥിത്വമായി ഗണിക്കുന്നത്, ദൈവസ്നേഹം ഞങ്ങളുടെ മറ്റെല്ലാ സ്നേഹത്തേയും കീഴടക്കിയിരിക്കുന്നു എന്നൊക്കെ. എന്നാൽ പ്രാവർത്തിക രൂപത്തിൽ അവരുടെ ഹൃദയങ്ങളിൽ ഭൗതിക സ്നേഹമായിരിക്കും മികച്ചു നിൽക്കുന്നത്. നമ്മുടെ നാനാ ഭാഗത്തും ദൃശ്യമാകുന്നതും ഇത് തന്നെയാണ്. മുസ്ലീംകളും അമുസ്ലീംകളും എല്ലാവരും തന്നെ ഭൗതികാസക്തിയിൽ മുങ്ങിയിരിക്കുകയാണ്. ഭൗതിക കളിതമാശകളും അശ്ലീലതകളും ദൈവസ്മരണയെ വിദൂരതയിലെത്തിച്ചിരിക്കുന്നു. മുസ്ലീംകൾക്ക് അഞ്ച് നേരം നമസ്ക്കരിക്കുവാനുള്ള കല്പനയുണ്ട്. അല്ലാഹുവിന്റെ തൃപ്തിയും സ്നേഹം കരസ്ഥമാക്കുന്നതിനുള്ള കല്പനയാണിത്. എന്നാൽ അവസ്ഥ ഇതിന്

തികച്ചും വിരുദ്ധമായതാണ്. ഒരു അഹ്മദി ഈ നിലയിൽ മറ്റുള്ളവരെ വീക്ഷിക്കുമ്പോൾ ആദ്യമായി സ്വയം ആത്മ പരിശോധന നടത്തേണ്ടതുണ്ട്. നമ്മുടെ നമസ്കാരങ്ങൾ അല്ലാഹുവിന്റെ കല്പനയനുസരിച്ചാണോ അല്ലേ? അല്ലാഹുവിന്റെ കല്പനയനുസരിച്ച് നാം ആരാധന അനുഷ്ഠിക്കാൻ ശ്രമിക്കുന്നുണ്ടോ ഇല്ലേ? ഇല്ലെങ്കിൽ അല്ലാഹുവിൽ ദൃഢ വിശ്വാസം സംജാതമാക്കുവാനാണ് ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളതെന്ന ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ പ്രഖ്യാപനത്തെ നിഷേധിക്കുന്നവരായി നാം മാറുന്നതാണ്. ആ മഹാത്മാവിന്റെ ആഗമനലക്ഷ്യം സത്യത്തിന്റെ കാലഘട്ടത്തെ വീണ്ടും സ്ഥാപിക്കുക എന്നതാണ്. ആകാശത്തെ ഭൂമിയോടടുപ്പിക്കുക എന്നതാണ്. അതായത് അല്ലാഹുമായി ദൃഢ ബന്ധം സ്ഥാപിക്കുക എന്നതാണ്. നാം നമ്മുടെ വിശ്വാസത്തിലെയും കർമങ്ങളിലെയും ന്യൂനതകൊണ്ട് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വാദത്തെ നിഷേധിക്കുന്നവരായി മാറുക മാത്രമല്ല ചെയ്യുന്നത് പ്രത്യുത, ആ മഹാത്മാവിന്റെ ആഗമനത്തോടൊപ്പം നടപ്പിലായ അനുഗ്രഹങ്ങളിലും പങ്കാളികളാകുന്നില്ല. വിശ്വസിച്ചിരിക്കുന്നു എന്ന നമ്മുടെ വാദം കേവലം വാക്കുകൾ മാത്രമാകുന്നു. അതിനാൽ മറ്റുള്ളവർ എന്താണ് ചെയ്യുന്നത്, അവരുടെ കർമങ്ങൾ എങ്ങിനെയാണ്, അവരുടെ വിശ്വാസം എങ്ങിനെയാണ്, അവരിൽ എന്തെല്ലാം ന്യൂനതകളാണുള്ളത് എന്ന് വീക്ഷിക്കുന്നതിനു പകരമായി താനെന്താണ് ചെയ്യുന്നത്, അനുസരണ പ്രതിജ്ഞയെ എത്രത്തോളം പാലിക്കുന്നുണ്ട്, ഹ. മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യത്തെ എത്രത്തോളം പൂർത്തിയാക്കാനായി ശ്രമിക്കുന്നുണ്ട്, സൽകർമ്മങ്ങൾ ചെയ്യാനായി എത്രത്തോളം പരിശ്രമിക്കുന്നുണ്ട്, സ്വന്തം ധാർമികവാസ്ഥയെ സംസ്കരിക്കുന്നതിനായി എത്രത്തോളം പരിശ്രമിക്കുന്നുണ്ട്, ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുന്നതാണെന്ന പ്രതിജ്ഞ എത്രത്തോളം പാലിക്കുന്നുണ്ട് എന്ന ആത്മപരിശോധന ഓരോ അഹ്മദിയും ചെയ്യേണ്ടതാണ്.

ഹ : മസീഹ് മൗഊദ് (അ) നമ്മുടെ മുന്നിൽ ബയ്അത്തിന്റെ 10 നിബന്ധനകൾ സമർപ്പിച്ച്കൊണ്ട് പറയുന്നു, അഥവാ നിങ്ങൾ ജമാഅത്തിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അല്ലെങ്കിൽ യഥാർത്ഥ പങ്കാളികളാണെന്ന് പറയപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞാനുമായി സുദൃഢ ബന്ധം സ്ഥാപിക്കേണ്ടതാണ്. ബയ്അത്തിന്റെ ഈ നിബന്ധനകൾ പൂർത്തിയാക്കുമ്പോഴാണ് പ്രസ്തുത ബന്ധം സ്ഥാപിതമാകുക. നിങ്ങളുടെ വിശ്വാസം ദൃഢപ്പെടുന്നതിനും നിങ്ങളുടെ ധാർമ്മിക അവസ്ഥ അഭിവൃദ്ധിപ്പെടുന്നതിനുമായി അവയെ പരിപോഷിപ്പിച്ചുകൊണ്ടിരിക്കുക.

ഹദ്റത് മസീഹ് മൗഊദ് (അ) വിവിധ സന്ദർഭങ്ങളിൽ വളരെ ശക്തമായും വേദനയോടും കൂടി നമ്മെ ഉപദേശിച്ചുകൊണ്ട് പറയുന്നു, എന്റെ ബയ്അത്തിൽ ഉൾപ്പെട്ടിരിക്കുന്നു, ഞാനുമായി ബന്ധം സ്ഥാപിച്ചിരിക്കുന്നു എന്ന് വിളംബരം ചെയ്യുന്ന നിങ്ങൾ, അഹ്മദി എന്ന് പറയപ്പെട്ടതിന് ശേഷം നിങ്ങളിൽ സ്പഷ്ടമായ പരിവർത്തനം ഉണ്ടാകുന്നില്ലെങ്കിൽ നിങ്ങളിലും അന്യരിലും യാതൊരു വ്യതിരിക്തതയുമുണ്ടാകുന്നതല്ല. അതിനാൽ നമ്മുടെ നന്മകളുടെ നിലവാരം ഹദ്റത് മസീഹ് മൗഊദ് (അ) കാണാൻ ആഗ്രഹിച്ച നിലയിലായിത്തീരുന്നതിനായി നാം പരിശ്രമിക്കേണ്ടതാണ്. വിവിധ സന്ദർഭങ്ങളിൽ ഹദ്റത് മസീഹ് മൗഊദ് (അ) ബയ്അത്ത് ചെയ്തവർക്ക് നല്കിയ ഉപദേശങ്ങൾ സംക്ഷിപ്തമായി ഞാൻ കേൾപ്പിക്കുന്നതാണ്.

ആ മഹാത്മാവ് ഒരിടത്ത് പറയുന്നു, വെറും ബയ്അത്ത് യാതൊരു പ്രയോജനവും നൽകുന്നതല്ല. ഇത്തരത്തിലുള്ള ബയ്അത്തിൽ പങ്കാളികളാകുക പ്രയാസകരമാണ്. അതായത് ഈ ബൈഅത്ത് കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പങ്കാളിയാകുന്നില്ല. മാത്രമല്ല, വെറും ബൈഅത്ത് മാത്രമാണെങ്കിൽ ബയ്അത്ത് ചെയ്യുന്നവർക്കായി അല്ലാഹു നിർണ്ണയിച്ചിട്ടുള്ള ഉപഹാരങ്ങൾക്ക് അവകാശികളാകുകയുമില്ല. പറയുന്നു, സ്വന്തം അസ്ഥിത്വത്തെ സ്നേഹത്തിലും ആത്മാർഥതയിലും അഭിവൃദ്ധിപ്പെടുത്തിക്കൊണ്ട് അവരോട് സമീപസ്ഥമാകുമ്പോൾ മാത്രമാണ് അതിൽ പങ്കാളിയാവൂ. അതായത് ആരിലാണോ ബയ്അത്ത് ചെയ്തത് അവരോടൊപ്പമായിത്തീരുക. അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുക. വീണ്ടും പറയുന്നു, ബന്ധത്തിൽ അഭിവൃദ്ധി ഉണ്ടാക്കിയെടുക്കേണ്ടത് വളരെയധികം അനിവാര്യമാണ്. അന്വേഷകൻ അതായത് ബൈഅത്ത് ചെയ്ത വ്യക്തി ഈ ബന്ധത്തെ അഭിവൃദ്ധിപ്പെടുത്തുന്നില്ലായെങ്കിൽ - അതായത് അല്ലാഹുവുമായും ബൈഅത്ത് ചെയ്ത വ്യക്തിയുമായും- അവരുടെ പരാതിയും ഖേദപ്രകടനവും നിഷ്പ്രയോജനങ്ങളാകുന്നു. വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങൾ എന്ത് കൊണ്ട് നൽകുന്നില്ല എന്ന് പരാതിപ്പെട്ടിട്ട് കാര്യമില്ല.

പറയുന്നു, സ്നേഹത്തിന്റെയും ആത്മാർത്ഥതയുടേയും ബന്ധം സാധിക്കുന്നത്ര അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്. മനുഷ്യൻ രീതിയിലും ആദർശങ്ങളിലും ആത്മഗുരുവിന്റെ സദൃശ്യനാകേണ്ടതാണ്. അതായത്, ആരുടെ നിലപാടാണോ പിൻപറ്റുന്നത്, ആരിലാണോ ബയ്അത്ത് ചെയ്തിരിക്കുന്നത് അവരുടെ രീതി പിൻപറ്റേണ്ടതാണ്. വിശ്വാസാദർശങ്ങളിലും അവരുടെ നിലവാരം കരസ്ഥമാക്കേണ്ടതാണ്. വീണ്ടും പറയുന്നു, വേഗത്തിൽ വിശ്വസ്ഥതയിലേക്കും ആരാധനയിലേക്കും ചായേണ്ടതാണ്. പ്രഭാതം മുതൽ പ്രദോഷം വരെ കണക്കെടുപ്പ് നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. സത്യസന്ധതയുടേയും ആരാധനയുടേയും നിലവാരം കരസ്ഥമാക്കാനായി ശ്രമിക്കുക. പ്രഭാതം മുതൽ പ്രദോഷം വരെ എന്താണ് കരസ്ഥമാക്കിയത് എന്നുള്ളത് അവലോകനം ചെയ്തുകൊണ്ടിരിക്കുക. വീണ്ടും അദ്ദേഹം പറയുന്നു, ബയ്അത്ത് ചെയ്ത്കൊണ്ട് മാത്രം അല്ലാഹു തൃപ്തിപ്പെടുമെന്ന് ധരിക്കരുത്. ഇത് കേവലം ആവരണം മാത്രമാകുന്നു. സത്ത അതിനുള്ളിലാകുന്നു. ഒരു തൊലിയും അതിനുള്ളിൽ കഴമ്പും എന്നതാണ് പൊതുവായ പ്രകൃതിനിയമം. തൊലികൊണ്ട് യാതൊരു പ്രയോജനവും ഇല്ല. കഴമ്പാണ് എടുക്കപ്പെടുന്നത്. ചിലതിൽ കഴമ്പ് തന്നെ ഉണ്ടാകാറില്ല. ചിലത് സത്തയോ മഞ്ഞക്കുരുവോ ഇല്ലാത്ത പാഴ്കോഴിമുട്ട പോലെയാകുന്നു. അതൊന്നിനും ഉപകരിക്കില്ല. ഉപയോഗശൂന്യമായതിനെ പോലെ വലിച്ചെറിയപ്പെടുന്നു. അതേ പോലെ ബയ്അത്തിന്റെയും വിശ്വാസത്തിന്റെയും വാദം പുറപ്പെടുവിക്കുന്ന വ്യക്തി, അഥവാ ഇവ രണ്ടിന്റെയും സത്ത സ്വായത്തമാക്കിയിട്ടില്ലെങ്കിൽ അതായത് ബയ്അത്തിന്റെയും വിശ്വാസത്തിന്റെയും യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടില്ലായെങ്കിൽ അവർ ഭയപ്പെടേണ്ടതാണ്. ഒരു പാഴ്മുട്ട പോലെ നിസാര ആഘാതത്താൽ പോലും

ഇതും തുണ്ടമാക്കപ്പെടുന്ന കാലം വരുന്നതാണ്. അതിനാൽ ബൈഅത്തിന്റെയും വിശ്വാസത്തിന്റെയും വാദം പുറപ്പെടുവിക്കുന്നവർ തങ്ങൾ വെറും തൊലി മാത്രമാണോ അതോ കഴമ്പാണോ എന്നത് വിശകലനം ചെയ്ത് നോക്കേണ്ടതാണ്. കഴമ്പ് ഉടലെടുക്കാത്തിടത്തൊളം വിശ്വാസം, സ്നേഹം അനുസരണം, ബൈഅത്ത്, ആദർശം, ശിഷ്യത്വം, ഇസ്ലാം എന്നിവയുടെ വാദി യഥാർത്ഥ വാദിയാവുകയില്ല. അതെല്ലാം കളവാകുന്നു. വിശ്വാസമില്ല, സ്നേഹമില്ല, പരിപൂർണ്ണ അനുസരണയില്ല, ബൈഅത്ത് ചെയ്തിട്ടില്ല, ആദർശങ്ങൾ യഥാർത്ഥ മുസ്ലിമാണെന്ന് തെളിയിക്കുന്നുമില്ല. ഇതെല്ലാം കേവലം വാദങ്ങൾ മാത്രമാകുന്നു.

അതിനാൽ ബയ്അത്തിനു ശേഷം വിശ്വാസത്തിലും അഭിവൃദ്ധി ഉണ്ടാകേണ്ടതാണ്. സ്നേഹത്തിലും അഭിവൃദ്ധി ഉണ്ടാകേണ്ടതാണ്. അല്ലാഹുവിനോടുള്ള സ്നേഹം മറ്റെല്ലാ സ്നേഹത്തേക്കാളും ഉപരിയായിരിക്കണം. ഇതാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. പിന്നീട് അല്ലാഹുവിനോടുള്ള സ്നേഹം കാരണത്താൽ അവന്റെ ഏറ്റവും പ്രിയ റസൂൽ (സ) യോടുള്ള സ്നേഹമായിരിക്കണം. മസീഹ് മൗഊദ് (അ) നോടും സ്നേഹമുണ്ടായിരിക്കണം. ഖിലാഫത്തിനോട് സ്നേഹമുണ്ടായിരിക്കണം. പരസ്പരം സ്നേഹമുണ്ടായിരിക്കണം. പിന്നീട് പറയുന്നു, അനുസരണത്തിന്റെ നിലവാരം കരസ്ഥമാക്കുക. കാലത്തിന്റെ ഖലീഫയുടെ, ജമാഅത്ത് വ്യവസ്ഥിതിയുടെ തീരുമാനങ്ങൾ തന്റെ ഇഷ്ടത്തിനനുഗുണമാണെങ്കിൽ സന്തോഷത്തോടെ സ്വീകരിക്കുകയും, തന്റെ ഇഷ്ടത്തിന് വിരുദ്ധമാണെങ്കിൽ അതിന് വിവിധ നിർവചനങ്ങൾ നൽകുകയും ആരോപണം ഉന്നയിക്കുകയും ചെയ്യുക എന്നതല്ല അനുസരണം. പറയുന്നു, ബയ്അത്ത് ചെയ്തതാണെന്ന വാദമുണ്ടെങ്കിൽ അനുസരണവും പൂർണമായിരിക്കണം.

അതിനാൽ ഇന്ന് ബയ്അത്ത് ചെയ്തതിനു ശേഷം ഒന്നു തന്നെ എന്റേതല്ലാ മറിച്ച് അല്ലാഹുവിന്റേതായിത്തീർന്നിരിക്കണം, അവന്റെ ദീനിനു വേണ്ടിയായിരിക്കണം എന്ന് വിളംബരപ്പെടുത്തുമ്പോഴാണ് ബയ്അത്തിന്റെ വാദവും, വിശ്വാസത്തിന്റെ വാദവും, ശിശ്യത്തിന്റെ വാദവും അതായത് യഥാർത്ഥ മുസ്ലിമാണെന്ന വാദവും യഥാർത്ഥ വാദമായിത്തീരുന്നത്. സ്വയം തന്നെ വിൽക്കുക എന്നതാണ് ബയ്അത്തിന്റെ ഉദ്ദേശ്യം. പിന്നീട് ഒരു സുഹൃത്തിനെ ഉപദേശിച്ചു കൊണ്ട് ആ മഹാത്മാവ് പറയുന്നു, ബയ്അത്തിനു ശേഷം പരിവർത്തനം ഉണ്ടാകേണ്ടത് അനിവാര്യമാണെന്നത് ഓർത്തുകൊള്ളുക. ബയ്അത്തിനു ശേഷവും തന്റെ അവസ്ഥയിൽ പരിവർത്തനം ഉണ്ടാകുന്നില്ലായെങ്കിൽ ഇത് അവഹേളനമാകുന്നു. അതായത് ബൈഅത്തിനെ പരിഹസിക്കലാകുന്നു. അതിനെ ആദരിക്കാതിരിക്കലാകുന്നു. ബൈഅത്ത് ചെയ്യുക എന്നത് കുട്ടിക്കളിയല്ല. ബയ്അത്ത് ഒരു ആവശ്യം ഉന്നയിക്കുന്നു. മുൻജീവിതത്തിൽ മരണം ഭവിക്കുന്ന കാര്യമാണ് ആവശ്യപ്പെടുന്നത്. തുടർന്ന് ഒരു പുതുജീവിതം ആരംഭിക്കുന്നു. എല്ലാ കാര്യങ്ങളിൽ മാറ്റം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ബയ്അത്ത് ചെയ്തതിനു ശേഷം പരിശുദ്ധ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കുന്ന ആത്മാർത്ഥരായ അഹ്മദികളെ അല്ലാഹു തന്റെ അനുഗ്രഹത്താൽ ഇന്നും ജമാത്തിന് നൽകിക്കൊണ്ടിരിക്കുന്നു. അന്യരും അവരുടെ ഈ പരിവർത്തനത്തെ അംഗീകരിക്കുന്നു.

ബുർക്കിനാഫാസോയിലെ നമ്മുടെ ഒരു മുബല്ലിഗ് എഴുതുന്നു, ഒരിക്കൽ അവിടെ ഒരു സ്ഥലത്ത് സന്ദർശനത്തിനായി പോയിരുന്നു. അത് മാലിയുടെ അതിർത്തിയിലുള്ള ജമാഅത്തായിരുന്നു. അവിടെ എതിർപ്പ് ശക്തമായിരുന്നു. കാരണം അവിടെയും വഹാബികളുടെ സ്വാധീനമാണുള്ളത്. പറയുന്നു, അവിടെയുള്ള ഒരു പള്ളിയിലെ ഇമാം ഇദ്റാഗോ യാഖൂബ് സാഹിബ് എതിരാളിയായിരുന്നിട്ടും പറയുന്നു, - എന്തായാലും സത്യത്തെ അംഗീകരിക്കാത്ത പാക്കിസ്ഥാനിലെ മൗലവിമാരെ പോലെയല്ല.- പറയുന്നു, എതിർക്കുന്നുവെങ്കിൽ പോലും ഞാൻ അംഗീകരിക്കുന്ന ഒരു കാര്യം, ഈ ഗ്രാമത്തിൽ മൂന്ന് ഉത്തമരായ മുസ്ലിംകളുണ്ട്. അവർ മൂന്ന് പേരും തങ്ങൾക്ക് മാതൃകകളാണ്. അവർ മൂന്ന് പേരും അഹ്മദിയ്യാ ജമാഅത്തുമായി ബന്ധപ്പെട്ടവരാണ്.

അങ്ങിനെ ജമാഅത്തിൽ വന്നതിനു ശേഷം ആളുകളിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു പരിശുദ്ധ പരിവർത്തനം സംജാതമായി എന്ന് പറയാൻ എതിരാളികളും നിർബന്ധിതരാകുകയാണ്. ചുരുക്കത്തിൽ ബയ്അത്തിന്റെ യാഥാർത്ഥ്യത്തെ മനസ്സിലാക്കിക്കൊണ്ട് ബയ്അത്ത് ചെയ്യുന്നവർ പരസ്പരം മാതൃകകളായി മാറുന്നു. ഈ മാതൃകകളാണ് പിന്നീട് തബ്ലീഗിന്റെ മേഖലകളെ തുറക്കുന്നത്. അതിനാൽ തബ്ലീഗിന്റെ മേഖലകളെ വിശാലമാക്കണമെന്നുണ്ടെങ്കിൽ നമ്മിൽ ഓരോരുത്തർക്കും അവരെവിടെ വസിക്കുന്നവരാണെങ്കിലും ശരി ആ രാജ്യത്തിന്റെ ഓരോ കോണുകളിലും ജനങ്ങളുടെ ശ്രദ്ധ തങ്ങളിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള മാതൃക സ്ഥാപിക്കേണ്ടതാണ്. തൽഫലമായി തബ്ലീഗിന്റെ മേഖലകൾ വിശാലമാകുന്നതാണ്.

അതിനാൽ ഹദ്റത് മസീഹ് മൗഊദ് (അ) നമ്മിൽ നിന്നും പ്രതീക്ഷിക്കുന്ന ആ ഉന്നത നിലവാരം പ്രാപിക്കാൻ നാം ശ്രമിക്കേണ്ടതാണ്. ഹദ്റത് മസീഹ് മൗഊദ് (അ) ഒരു യഥാർത്ഥ അഹ്മദിയുടെ നിലവാരത്തെ പരാമർശിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു, മലക്കുകൾ പോലും ഹസ്തദാനം ചെയ്യുന്ന തരത്തിലുള്ള അവസ്ഥ സംജാതമാക്കി വെക്കേണ്ടത് മനുഷ്യന് അനിവാര്യമാണ്. നമ്മുടെ ബയ്അത്തിന്റെ ഫലമായി ഈ വി ശേഷണം സംജാതമാക്കേണ്ടതാണ്. ബയ്അത്ത് ചെയ്തിട്ടു ണ്ടെങ്കിൽ ഓരോ അഹ്മദിയിലും ഈ സവിശേഷത ഉണ്ടാക്കേണ്ടതാണ്. അല്ലാഹുവിന്റെ ഭയവും തേജസ്സും എല്ലാവരിലും നിലനിൽക്കേണ്ടതാണ്. തൽഫലമായി തിന്മകൾ അകലുന്നു.

പിന്നീട് അദ്ദേഹം പറയുന്നു, ഭൗതികരെ പോലെ കഴിയുകയാണെങ്കിൽ എന്റെ കയ്യിൽ തൗബ ചെയ്തതിന്റെ യാതൊരു പ്രയോജനവും നിങ്ങൾക്ക് ലഭിക്കുന്നതല്ല. എന്റെ കയ്യിൽ തൗബ ചെയ്യുന്നത് ഒരു മരണത്തെ ആവശ്യപ്പെടുന്നു. നിങ്ങൾ പുതുജീവിതത്തിൽ മറ്റൊരു ജനനം കരസ്ഥമാക്കു ന്നതിനായി. പറയുന്നു, ബയ്അത്ത് ഹൃദയാത്മനാ അല്ലായെങ്കിൽ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. എന്റെ ബയ്അത്തു കൊണ്ട് ഹൃദയത്തിന്റെ അംഗീകാരമാണ് അല്ലാഹു ആഗ്രഹിക്കുന്നത്. അതിനാൽ സത്യഹൃദയത്തോടെ എന്നെ സ്വീകരിക്കുന്നവരുടെ പാപങ്ങളെ ക്ഷമിക്കുന്നവനും കാരു ണ്യവാനുമായ അല്ലാഹു പൊറുത്തു കൊടുക്കുന്നു. തൽഫലമായി അവർ മാതാവിന്റെ വയറ്റിൽ നിന്നും ജനിച്ചവരെ പോലെയായിത്തീരുന്നു. അപ്പോൾ മലക്കുകൾ അവരെ സംരക്ഷിക്കുന്നു.

തൗബയുടെ ഈയൊരു നിലവാരവും പരിശുദ്ധ പരിവർത്തനവുമാണ് നമ്മിൽ ഓരോരുത്തരും തങ്ങളിൽ സംജാതമാക്കാനായി ശ്രമിക്കേണ്ടത്. ആ മഹാത്മാവ് പറയുന്നു, ഈ ജമാഅത്തിൽ പ്രവേശിച്ചതു കൊണ്ട് നിങ്ങളുടെ വ്യക്തിത്വം വ്യതിരിക്തമാക്കേണ്ടതാണ്. തികച്ചും ഒരു പുതുജീവിതം കരസ്ഥമാക്കുന്ന മനുഷ്യരായി നിങ്ങൾ മാറേണ്ടതാണ്. നിങ്ങൾ മുൻപത്തെപോലെതന്നെ ആയിത്തീരരുത്.

മറ്റൊരിടത്ത് അദ്ദേഹം പറയുന്നു, ബയ്അത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ശരിയായ ജ്ഞാനം കരസ്ഥമാക്കേണ്ട താണ്. അത് പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാണ്. ബയ്അത്ത് ചെയ്യുന്ന ആൾ തന്നിൽ യഥാർത്ഥ പരിവർത്തനവും ദൈവ ഭയവും സംജാതമാക്കുകയും, യഥാർത്ഥ ഉദ്ദേശ്യത്തെ തിരിച്ചറിഞ്ഞ് തങ്ങളുടെ ജീവിതത്തിൽ ഒരു പരിശുദ്ധ മാതൃക ഉണ്ടാക്കി കാണിക്കുകയും ചെയ്യുക എന്നതാണ് ബയ്അത്തിന്റെ യാഥാർത്ഥ്യം. ഇതില്ലായെങ്കിൽ ബയ്അത്ത് കൊണ്ട് യാതൊരു പ്രയോജനവുമില്ല. മാത്രമല്ല ഈ ബയ്അത്ത് അവരെ കൂടുതൽ ശിക്ഷക്ക് അർഹരാക്കി മാറ്റുന്നു. കാരണം ഉടമ്പടിയുണ്ടാക്കിയതിന് ശേഷം മനപ്പൂർവ്വം, ബോധപൂർവ്വം ധിക്കരിക്കുന്നത് വളരെയധികം ഗുരുതരമാകുന്നു.

മറ്റൊരിടത്ത് പറയുന്നു, ബയ്അത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് അറിവുണ്ടാക്കുക എന്നതാണ് ബയ്അത്ത് കൊണ്ട് അർത്ഥമാകുന്നത്. ഒരു വ്യക്തി മുഖത്തോട് മുഖം നോക്കി കയ്യിൽ ബയ്അത്ത് ചെയ്യുന്നു. യഥാർത്ഥ ഉദ്ദേശ്യത്തെയും ലക്ഷ്യത്തേയും മനസ്സിലാക്കിയില്ല അല്ലെങ്കിൽ ശ്രദ്ധിച്ചില്ല. അത്തരക്കാരുടെ ബയ്അത്ത് നിഷ്ഫലമാണ്. (കയ്യിൽ കയ്യ് വെച്ച് ബയ്അത്ത് ചെയ്തു. എന്നാൽ ഉദ്ദേശ്യം മനസ്സിലാക്കിയില്ലായെങ്കിൽ അത് നിഷ്ഫലമാണ് അല്ലാഹുവിന്റെ മുന്നിൽ അതിന് യാതൊരു സ്ഥാനവുമില്ല.) എന്നാൽ മറ്റൊരു വ്യക്തി സത്യഹൃദയത്തോടു കൂടിയിരുന്നു അനേക മൈലുകൾ ദൂരെയിരുന്നു കൊണ്ട് ഉദ്ദേശ്യലക്ഷ്യങ്ങളെ അംഗീകരിച്ചു കൊണ്ട് ബയ്അത്ത് ചെയ്യുന്നു. അതായത് മറ്റൊരു വ്യക്തി കയ്യിൽ കയ്യ് വെച്ച് ബയ്അത്ത് ചെയ്യുന്നില്ല. ആയിരക്കണക്കിന് മൈലുകൾ ദൂരത്തിരുന്നു കൊണ്ടാണ് ബയ്അത്ത് ചെയ്യുന്നത്. എന്നാൽ ബയ്അത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെയും അതിന്റെ യാഥാർത്ഥ്യത്തെ മനസ്സിലാക്കുകയും പിന്നീട് ഈ പ്രതിജ്ഞയെ പാലിച്ചു കൊണ്ട് തന്റെ കർമ്മങ്ങളെ ശരിയാക്കുന്നു. അങ്ങിനെയുള്ളവർ മുഖാമുഖം ഇരുന്നു കൊണ്ട് കയ്യിൽ കൈ വെച്ച് ബയ്അത്ത് ചെയ്യുകയും പിന്നീട് അതനുസരിച്ച് ജീവിക്കാത്തവരേക്കാളും പതിൻമടങ്ങ് ഉത്തമരാകുന്നു.

ഇതാണ് ബയ്അത്തിന്റെ യാഥാത്ഥ്യം. മസീഹ് മൗഊദ് (അ) ന്റെ ആഗമനോദ്ദേശ്യവും ഇത് തന്നെയാണ്. ബയ്അത്തിന്റെ യാഥാർത്ഥ്യം അറിയേണ്ടത് അനിവാര്യമാണ്. മസീഹ് മൗഊദ് (അ) നിർദ്ദേശിച്ച ബൈഅത്തിന്റെ 10 നിബന്ധനകളിൽ ചിന്തിക്കുകയും പിന്നീട് അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ് ബയ്അത്തിന്റെ യാഥാർത്ഥ്യം ബോധ്യപ്പെടുക.

ആഫ്രിക്കയുടെ വിദൂരദേശങ്ങളിലുള്ളവർ ബയ്അത്ത് ചെയ്ത് കൊണ്ട് സ്വന്തം ഗ്രാമങ്ങളിൽ എപ്രകാരമാണ് മാതൃകകളായിത്തീരുന്നതെന്ന ഒരു ഉദാഹരണം ഞാനിപ്പോൾ കേൾപ്പിച്ചതാണ്. യഥാർത്ഥ മുസ്‌ലീംകളെ കാണണമെങ്കിൽ അഹ്മദിയ്യാ ജമാഅത്തിൽ അന്വേഷിക്കുക എന്ന് എതിരാളികൾ പോലും പറയാൻ നിർബന്ധിതരായിത്തീരുന്നു. ഈയൊരു മാതൃകയാണ് നാം സ്ഥാപിക്കേണ്ടത്.

നവ അഹ്മദികളുടെ ഏതാനും ചില മാതൃകകൾ കൂടി ഞാൻ സമർപ്പിക്കുകയാണ്. ഹദ്റത് മസീഹ് മൗഊദ് (അ) നൽകിയിട്ടുള്ള ബയ്അത്തിന്റെ 10 നിബന്ധനകളിൽ ഒന്ന്, ആ മഹാത്മാവുമായുള്ള സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ബന്ധം എല്ലാ ഭൗതിക ബന്ധങ്ങളേക്കാൾ സമുന്നതമായിരിക്കും എന്നതാണ്. ഇന്നും വിദൂര നാടുകളിൽ വസിക്കുന്നവർ ഇത് പ്രകടിപ്പിക്കുന്നു. അവസരം കിട്ടുമ്പോഴെല്ലാം അവിടെയുള്ളവരിൽ എത്തരത്തിലുള്ള വിശ്വാസമാണ് പ്രകടമാകുന്നതെന്ന് കാണാൻ സാധിക്കുന്നു. റഷ്യൻ രാജ്യങ്ങളിൽ നിന്ന് ബയ്അത്ത് ചെയ്യുന്നവരെല്ലാവരും തന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശ്വാസത്തിലും ആത്മാർത്ഥതയിലും അസാധാരണമായ നിലയിൽ മുന്നേറുകയാണ്. അവരിൽ ചിലർ കഴിഞ്ഞ വർഷത്തെ ഖാദിയാൻ ജൽസയിലും പങ്കെടുത്തിരുന്നു. മടങ്ങി വന്നതിനു ശേഷം അവർ തങ്ങളുടെ പ്രതീകരണങ്ങൾ എനിക്ക് എഴുതി അയച്ചിരുന്നു. അതിൽ ഒരു വ്യക്തി എഴുതുന്നു, ഈ പരിശുദ്ധ നാടിനെ സംബന്ധിച്ച് ഗ്രന്ഥങ്ങളിൽ വായിച്ചിരുന്നു. ടി.വിയിൽ കണ്ടിരുന്നു. എന്നാൽ ഞങ്ങൾ അവിടെ കാലെടുത്തുവെച്ചപ്പോൾ മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലെ അവസ്ഥ ഞങ്ങളിൽ ഉടലെടുത്തു. ഇവിടെ ശ്വസിക്കുക വളരെ എളുപ്പമായിരുന്നു. ലോകത്തേയും അതിലുള്ളതിനേയും വിസ്മരിച്ച് പോകുമായിരുന്നു. അവിടെ കണ്ടതും അനുഭവിച്ചതും വാക്കുകളിൽ വിവരിക്കുക അസാധ്യമാകുന്നു.

മറ്റൊരു സുഹൃത്ത് എഴുതുന്നു, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്ക് ഖാദിയാനിൽ പോകുന്നതിനും, നബി തിരുമേനി (സ) യുടെ നിർദ്ദേശമനുസരിച്ച് അവസാന കാലഘട്ടത്തിലെ മഹ്ദി (അ) ന് സലാം എത്തിക്കുന്നതിനുമുള്ള തൗഫീഖ് ലഭിച്ചു. ഞാൻ ആദ്യമായി അഹ്മദിയ്യാ പള്ളിയിൽ നിന്ന് ബാങ്ക് കേൾക്കുകയുണ്ടായി. അവരുടെ ദേശത്ത് പള്ളികളിൽ ബാങ്ക് കൊടുക്കുന്നതിനുള്ള അനുവാദമില്ല. അന്നേരം ഞാനെന്റെ വസ്തുക്കൾ വേഗത്തിൽ വെച്ചുകൊണ്ട് പെട്ടെന്ന് വുളുവെടുത്ത് ഇത് മസീഹ് മൗഊദിന്റെ പള്ളിയാണെന്ന് ചിന്തിച്ചു കൊണ്ട് രണ്ട് റക്അത്ത് നമസ്കരിച്ചു. പിന്നീട് ഒരഹ്മദി സഹോദരനോട് ചോദിച്ചു, ഇത് ഇമാം മഹ്ദി (അ) ന്റെ പള്ളിയാണോ? പറഞ്ഞു, അല്ല, ഇത് മസ്ജിദ് ദാറുൽ അൻവാറാകുന്നു. അപ്പോൾ നിരാശനായി ഞാൻ എന്റെ മറ്റ് സഹോദരന്മാരുടെ അടുക്കലേക്ക് പോയി. അവരോട് കാര്യങ്ങൾ പറഞ്ഞു. ഏതായാലും സുബ്ഹി നമസ്കാരം ഞങ്ങൾ അതേ പള്ളിയിൽ അനുഷ്ഠിച്ചു. പിന്നീട് ഇമാം മഹ്ദി (അ) ന്റെ മഖ്ബറയിൽ പോയി ദുആ ചെയ്തു. അന്നേരം എന്റെ ഹൃദയം ദൈവിക സ്തുതിയാൽ ഭരിതമായിരുന്നു. അത് വാക്കുകളിൽ പ്രകടിപ്പിക്കുക അസാധ്യമാണ്. അതിനു ശേഷം ഞങ്ങൾ ഖാദിയാനിലെ എല്ലായിടത്തും ചുറ്റി നടന്നു. ഇമാം മഹ്ദിയുടെ പള്ളി, ബൈത്തുൽ ഫിക്ർ, ബൈത്തു ദുആ, ഇമാം മഹ്ദി (അ) ജനിച്ചതും, വളർന്നതും, നോമ്പനുഷ്ഠിച്ചതുമായ മുറികളിലും, മസ്ജിദ് നൂറിലും പോയി. അവിടെയെല്ലാം ദുആ ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചു. വിവരിക്കാൻ സാധിക്കാത്ത അവസ്ഥയായിരുന്നു ഉട

ലെടുത്തിരുന്നത്. മനസ് മറിഞ്ഞതുപോലെ തോന്നി. എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളിലും പോയി. അതിനാൽ ഞാൻ എന്നെ സൗഭാഗ്യവാനായി മനസ്സിലാക്കുന്നു.

ലോകത്തിന്റെ വിവിധ രാഷ്ട്രങ്ങളിൽ വ്യാപിച്ചിരിക്കുന്നവരാണിവർ. ഖാദിയാനിൽ പോകാൻ അവസരം ലഭിക്കാത്ത ധാരാളം പേരുണ്ട്. എന്നാൽ ആത്മാർത്ഥതയിലും കൂറിലും ഔന്നിത്യത്തിലാണവർ. അവരുടെ കത്തുകൾ വരാറുണ്ട്. അതിൽ അവരുടെ ആത്മാർത്ഥതയും കൂറും കാണുമ്പോൾ അത്ഭുതം തോന്നുന്നു. ഭൗതിക ആവശ്യങ്ങളെക്കാൾ കൂടുതലായി ആത്മീയതയെ കുറിച്ചുള്ള ചിന്തകളാണവർക്ക്.

കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ സിംഗപ്പൂരിൽ പോയപ്പോൾ അവിടെ ഇന്ത്യോനേഷ്യയിൽ നിന്നുള്ള സുഹൃത്തുക്കൾ എത്തിയിരുന്നു. സാധുക്കളായ അവർ നീണ്ട യാത്ര ചെയ്തായിരുന്നു എത്തിയത്. അവരിൽ ചിലർ യാത്രാചിലവ് മതിയാകാതെ വന്നപ്പോൾ തങ്ങളുടെ ചെറിയ സ്ഥലവും മറ്റും വിറ്റിട്ടായിരുന്നു സിംഗപ്പൂരിൽ എത്തിച്ചേർന്നത്. ഭൗതികാവശ്യങ്ങൾ പൂർത്തിയാക്കുന്നതിനായിരുന്നില്ല അവരുടെ യാത്ര. മറിച്ച് തങ്ങളുടെ സന്താനങ്ങൾ ദീനിൽ നിലനിൽക്കണം, ഞങ്ങൾ കരസ്ഥമാക്കിയ അനുഗ്രഹം പാഴായിപ്പോകരുത് എന്ന ചിന്തയായിരുന്നു അവർക്ക്. സ്ത്രീകളുടെയും പുരുഷന്മാരുടെയും വികാരം ഇത്തരത്തിലായിരുന്നു.

ഖിലാഫത്തുമായുള്ള അനുരക്തി അസീമിതമായിരുന്നു കേവലം അല്ലാഹുവിന് വേണ്ടി മാത്രമുള്ള സ്നേഹവും സാഹോദര്യവുമായിരുന്നു അത്. മറ്റൊരു ഉദാഹരണം സമർപ്പിക്കാം. അത് ദീനിനെ ദുൻയാവിനേക്കാൾ മുൻഗണന നൽകുന്നതിനും സാഹോദര്യ ബന്ധം പ്രകടിപ്പിക്കുന്നതിനും മാതൃകയാണ്.

ഫ്രാൻസിൽ നിന്നും അമീർ സാഹിബ് എഴുതുന്നു. നവ അഹ്മദിയായ അബ്ദുൽ അസീസ് സാഹിബ് കഴിഞ്ഞ മൂന്നാല് മാസങ്ങളായി ജോലി അന്വേഷിക്കുകയായിരുന്നു. അതിനിടയിൽ ജൂൺ മാസാവസാനം ജർമനിയിൽ വാർഷിക സമ്മേളനം നടക്കുന്നതാണെന്നും അതിൽ ഖലീഫത്തുൽ മസീഹ് പങ്കെടുക്കുന്നതാണെന്നും അദ്ദേഹത്തോട് പറയുകയുണ്ടായി. അപ്പോൾ എന്ത് വിലകൊടുത്തും ജൽസയിൽ പങ്കെടുക്കുന്നതാണെന്നും ഖലീഫത്തുൽ മസീഹുമായുള്ള കൂടിക്കാഴ്ച്ച തന്റെ അഭിലാഷമാണെന്നും അദ്ദേഹം പറഞ്ഞു. അവസാനം ജൂൺ 20ാം തിയ്യതി ജർമനിയിലേക്ക് പോകുന്നതു സംബന്ധിച്ചു അദ്ദേഹവുമായി വീണ്ടും ബന്ധപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത് ഇന്ന് ഒരു ജോലി കിട്ടിയിരിക്കുന്നു. തുടക്കത്തിൽ തന്നെ അവധിയെടുക്കുകയാണെങ്കിൽ ആ ജോലി നഷ്ടപ്പെടാനുള്ള സാധ്യതയുണ്ട് എന്നായിരുന്നു. അദ്ദേഹം നവഅഹ്മദിയാണ്. ഇന്നത്തെ അവസ്ഥയിൽ പ്രത്യേകിച്ച് യൂറോപ്പിൽ ജോലി കിട്ടുക വളരെ പ്രയാസമാണ്. ലക്ഷക്കണക്കിന് തൊഴിൽ രഹിതരുണ്ട്. എന്നിരുന്നിട്ടും എന്തായാലും ജൽസാ സാലാനയിൽ പങ്കെടുക്കുന്നതാണ്, ജോലി പോകുന്നെങ്കിൽ പോകട്ടെ ഞാൻ നിശ്ചയമായും ഖലീഫത്തുൽ മസീഹിനെ കാണുന്നതിനായി പോകുന്നതാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. അൽഹംദുലില്ലാഹ് അദ്ദേഹം ജൽസയിൽ പങ്കെടുത്തു. നേരിട്ടുള്ള ബയ്അത്തിൽ അദ്ദേഹം പങ്കാളിയാവുകയും ചെയ്തു.

മാലിയിൽ നിന്ന് നമ്മുടെ മുബല്ലിഗ് എഴുതുന്നു, ഞങ്ങളുടെ റീജനിലെ ഒരു നവഅഹ്മദി ആദം കോലുബാലി സാഹിബ് ഒരു കമ്പനിയിലെ ജോലിക്കാരനായിരുന്നു. ഒരിക്കൽ അദ്ദേഹത്തെ ഖുദ്ദാമുൽ അഹ്മദിയ്യായുടെ മീറ്റിങ്ങിനായി വിളിച്ചു. അതേ സമയത്ത് തന്നെ അദ്ദേഹത്തിന്റെ കമ്പനിയിൽ ഒരു സുപ്രധാന മീറ്റിങ്ങും ഉണ്ടായിരുന്നു. ആ മീറ്റിങ്ങിൽ പങ്കെടുത്തില്ലായെങ്കിൽ ജോലിയിൽ നിന്ന് തന്നെ പിരിച്ച് വിടാൻ സാധ്യതയുണ്ടായിരുന്നു. എന്നാൽ അത് പരിഗണിക്കാതെ തന്നെ അദ്ദേഹം ജമാഅത്തിന്റെ മീറ്റിങ്ങിൽ സംബന്ധിച്ചു. ജമാഅത്തിന്റെ മീറ്റിങ്ങിനു ശേഷം അദ്ദേഹം കമ്പനിയിലെ മീറ്റിങ്ങിനെത്തിയപ്പോൾ സമയം വളരെ വൈകിയിരുന്നു. കമ്പനിയുടെ ഉടമസ്ഥൻ വളരെ ദേഷ്യപ്പെടുന്നതാണ് എന്ന് തന്നെ അദ്ദേഹം കരുതിയിരുന്നു. എന്നാൽ ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുന്ന ഈ അഹ്മദിയ്യത്തിന്റെ സേവകന്റെ മേൽ ദേഷ്യപ്പെടുന്നതിന് പകരം കമ്പനിയുടെ ഉടമസ്ഥൻ അദ്ദേഹത്തിന്റെ ജോലിയിൽ വളരെ പ്രസന്നത പ്രകടിപ്പിക്കുകയാണ് ചെയതത്. മാത്രമല്ല ഉപഹാരമായി അദ്ദേഹത്തിന് ഒരു ബൈക്ക് നൽകുകയും ചെയ്തു. ഈ ഉപഹാരം തനിക്ക് അഹ്മദിയ്യത്തിന്റെ അനുഗ്രഹത്താലാണ് ലഭിച്ചത് എന്ന് ആ നവഅഹ്മദിക്ക് ദൃഢ വിശ്വാസമുണ്ട്. അവരുടെ ആത്മാർത്ഥയാണ് ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുന്നതാണെന്ന പ്രതിജ്ഞ നിറവേറ്റിയത്. അല്ലാഹുവും അവർക്ക് അനുഗ്രഹം നൽകുകയുണ്ടായി.

ഇവിടെ ജൽസയിൽ ഞാൻ ചിലരെ കാണുകയുണ്ടായി. ഒന്ന് രണ്ട് പേരെ എനിക്കറിയാം, ഫിജിയിലുള്ളവരായിരുന്നു. പുതിയ ജോലി ലഭിച്ചവരായിരുന്നു. എന്നാൽ ജോലി ഉപേക്ഷിച്ചാണ് വന്നത്. ജൽസയിൽ പങ്കെടുക്കുകയും ചെയ്തു. എന്നാൽ തങ്ങളുടെ ജോലി കാരണത്താലോ, മറ്റ് കാരണത്താലോ, കൂടാതെ ജോലിയുടെ പ്രശ്നമല്ലാതെ തന്നെയും ജൽസയിൽ പങ്കെടുക്കാത്ത ധാരാളം പേർ ഇവിടെയുണ്ട്. അവർ ജൽസയിൽ പങ്കെടുക്കണമായിരുന്നു.

ഇനി ഒരു വിദൂര രാജ്യത്ത് വസിക്കുന്നവരുടെ ആത്മാർത്ഥതയുടെ മാതൃക നോക്കുക. ദീനി വിജ്ഞാനം കരസ്ഥമാക്കുന്നതിനുള്ള അഭിവാഞ്ഞ എത്രത്തോളമായിരുന്നു. അല്ലാഹു പിന്നീട് അവരിൽ എത്തരത്തിലാണ് അനുഗ്രഹങ്ങൾ വർഷിച്ചത്. ഐവറികോസ്റ്റിലെ ഉമർ സാഹിബ് പറയുന്നു, അഹ്മദിയായതിന് ശേഷം അല്ലാഹു എനിക്ക് ദുആ സ്വീകാര്യതയുടെയും ഇമാം മഹ്ദി (അ) ന്റെ സത്യസാക്ഷ്യത്തിന്റെയും ധാരാളം ദൃഷ്ടാന്തങ്ങൾ കാണിച്ചുതന്നു. ഓരോ ദിവസവും കാണിച്ചു തരുന്നു. ഇതാണ് ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞ നിയോഗോദ്ദേശ്യം. അതായത് അല്ലാഹുവുമായി ദൃഢബന്ധം സ്ഥാപിക്കുക. പറയുന്നു, തൽഫലമായി എന്റെ വിശ്വാസം ദൃഢതയാർജിച്ചു വന്നു. ഐവറികോസ്റ്റിലെ ജൽസ സമീപസ്ഥമായി. ജൽസയിൽ പങ്കെടുക്കുന്നതിനായുള്ള യാത്രാ ചെലവ് കയ്യിലില്ലാത്ത തരത്തിൽ സാമ്പത്തിക നില മോശമായിരുന്നു. ഞാൻ ദുആ ചെയ്തു. അല്ലാഹുവേ! നിന്റെ മഹ്ദി സത്യവാനാണ്. എനിക്ക് അദ്ദേഹത്താൽ സ്ഥാപിതമായ ജൽസയിൽ പോകേണ്ടതുണ്ട്. -ജൽസയുടെ പ്രാധാന്യത്തെ കുറിച്ച് ചിന്തിക്കുക. ഓരോരുത്തരും ആത്മപരിശോധന നടത്തുക.- അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് അടയാളമായിക്കൊണ്ട് ജൽസയിൽ പങ്കെടുക്കുന്നതിനുള്ള യാത്ര വിഭവങ്ങൾ ഒരുക്കിതന്നാലും. ഇതായി

രുന്നു അദ്ദേഹം ചെയ്ത് ദുആ. പറയുന്നു, അടുത്ത ദിവസം ഒരു അനഹ്മദി സുഹൃത്ത് ജൽസയിൽ പങ്കെടുക്കുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഞാൻ ജൽസയിൽ പങ്കെടുക്കുന്നതിനായി പോകുന്ന യാത്രാ സംഘത്തിന്റെ സംഘാടകർക്ക് അദ്ദേഹത്തിന്റെ പേരും എഴുതിക്കൊടുത്തു. ജൽസയിൽ പോകുന്നതിന് രണ്ട് ദിവസം മാത്രം ശേഷിച്ചിരുന്നപ്പോഴും ജൽസയിൽ പോകുന്നതിനുള്ള ഒരു സംവിധാനവും ആയിരുന്നില്ല. വഴിച്ചെലവ് കയ്യിലില്ലായിരുന്നു. പറയുന്നു, ഞാൻ ദുആ ചെയ്തുകൊണ്ടേയിരുന്നു. അതിനിടയിൽ എനിക്ക് അടുത്തൊരു ഗ്രാമത്തിൽ പോകേണ്ടിവന്നു. അവിടെ ഒരു വ്യക്തി എന്നെ വന്നു കണ്ടിട്ട് പറഞ്ഞു, ഞാൻ ഇന്നലെ മുതൽ താങ്കളെ പ്രതീക്ഷിച്ചിരിക്കുകയാണ്. അദ്ദേഹം എന്റെ കയ്യിൽ 20,000 ഫ്രാങ്ക് വച്ച് തന്നു. എന്നിട്ട് ഇത് താങ്കൾക്കുള്ളതാണ് എന്ന് പറയുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിന്റെ മനസ്സിൽ പൈസ നൽകാനായി ചിന്ത ഇട്ടതായിരിക്കും. പറയുന്നു, ഞാൻ പൈസ വാങ്ങി അല്ലാഹുവിന് നന്ദി പറഞ്ഞു. ആ സംഖ്യയിൽ നിന്ന് 16,000 ഫ്രാങ്ക് നൽകി രണ്ട് വ്യക്തികളുടെ യാത്രാ ചിലവ് വഹിച്ചു. ബാക്കി 4,000 ഫ്രാങ്ക് കയ്യിൽ വെച്ചു. നിശ്ചയമായും അല്ലാഹുവിന്റെ കാരുണ്യം അവരുടെ വിശ്വാസത്തിന്റെ വർദ്ധനവിന് കാരണമായിത്തീർന്നു. അത് അദ്ദേഹം കത്തിൽ പ്രകടിപ്പിക്കുകയും ചെയ്തു. ബയ്അത്തിനു ശേഷമുണ്ടായ പരിവർത്തനം ഭൗതിക ലോകത്തിനു പകരമായി അല്ലാഹുവിലേക്ക് തിരിയുന്നതിന് അവരെ പ്രേരിപ്പിച്ചു. ഏതെങ്കിലും മനുഷ്യന്റെ അടുത്തേക്കല്ല പോയത്. മറിച്ച്, അല്ലാഹു സംവിധാനം ഒരുക്കുന്നതാണെന്ന വിശ്വാസത്താൽ ദുആയിൽ മുഴുകുകയാണ് ചെയ്തത്. അല്ലാഹു ദുആ സ്വീകരിക്കുകയും ചെയ്തു. അവരുടെ ആഗ്രഹം പൂർത്തിയാക്കികൊടുക്കുകയും ചെയ്തു.

എങ്ങിനെയാണ് വിശ്വാസഭരിതരായ ഇത്തരത്തിലുള്ളവരുടെ ഹൃദയത്തിൽ സംശയങ്ങൾ സംജാതമാകുക? അതായത് അഹ്മദിയ്യത്ത് വ്യാജ പ്രസ്ഥാനമാണ്. അല്ലെങ്കിൽ അല്ലാഹുവിന്റെ യാതൊരു അസ്ഥിത്വവുമില്ല എന്നൊക്കെ. നിശ്ചയമായും ഇവർ വിശ്വാസത്തിൽ ദൃഢത കൈവരിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം ഇവർ തങ്ങളുടെ തലമുറകളോട് പറയുമ്പോൾ അവരുടെ വിശ്വാസത്തിലും പുരോഗതി ഉണ്ടാകുന്നതാണ്.

ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ അഹ്മദികൾ ഒരു പരിശുദ്ധ മാറ്റം ഉണ്ടാക്കിയെടുക്കുക. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകളെ പ്രാവർത്തികമാക്കുക. അപ്പോഴാണ് വിശ്വാസത്തിന്റെ നിലവാരം മനസ്സിലാകുക.

ഇനി യൂറോപ്പിൽ വസിക്കുന്ന ഒരു പെൺകുട്ടിയുടെ സംഭവം കേൾപ്പിക്കാം. എങ്ങിനെയാണ് അല്ലാഹു അവരുടെ വിശ്വാസത്തെ സംരക്ഷിക്കുന്നതിനുള്ള ശ്രമത്തിൽ വിജയം നൽകിയതെന്നും അനുഗ്രഹങ്ങൾ നൽകിയതെന്നും നോക്കുക. സ്വിറ്റ്സർലാന്റിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു, ജമാഅത്തിലുള്ള ഒരു പെൺകുട്ടി ഉദ്യോഗ സംബന്ധമായ വിദ്യാഭ്യാസം കരസ്ഥമാക്കുകയായിരുന്നു. അവൾക്ക് ആഴ്ച്ചയിൽ രണ്ട് ദിവസം കോളേജിലും, മൂന്ന് ദിവസം ഒരു കമ്പനിയിൽ ജോലി പഠനാർത്ഥവും പോകണമായിരുന്നു. ആ കമ്പനിയിൽ പ്രസ്തുത പെൺകുട്ടി മാത്രമായിരുന്നു മുസ്‌ലിമായിട്ടുണ്ടായിരുന്നത്. കമ്പനിയിൽ നമസ്കരിക്കുന്നതിനുള്ള സംവിധാനം തയ്യാറാക്കിയിരുന്നു. ആ പെൺകുട്ടി കമ്പനിയിൽ ചേർന്നതിനു ശേഷം അവിചാരിതമായി ആ കമ്പനിക്ക് അധികലാഭം ലഭിക്കാൻ തുടങ്ങി. കമ്പനിക്ക് പുതിയ ഉപഭോക്താക്കളും ലഭിക്കാൻ തുടങ്ങി. വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ കമ്പനിക്ക് പുതിയ രണ്ട് കെട്ടിടങ്ങളും പുതിയ ജോലിക്കാരെയും വാടകക്കെടുക്കേണ്ടി വന്നു. പെൺകുട്ടി പോയിരുന്ന സ്കൂളിൽ സ്പോർട്സിന്റെ ഒരു പിരിയഡും ഉണ്ടായിരുന്നു. നീന്തൽ സ്പോർട്സിന്റെ ഭാഗമായിരുന്നു. ഈ പെൺകുട്ടിയോട്, സ്പോർട്സിന്റെ പിരിയഡിൽ നീന്തലിൽ ഭാഗവാക്കാകാൻ സമ്മർദ്ദം ചെലുത്താൻ തുടങ്ങി. ആൺകുട്ടികളോടൊപ്പം നീന്തുന്നതിനെ പെൺകുട്ടി വിരോധിച്ചു. പ്രത്യേകം പ്രത്യേകമായിരുന്നതെങ്കിൽ പ്രശ്നമില്ലായിരുന്നു. സ്കൂൾ അധികൃതരിൽ നിന്ന് സമ്മർദ്ധമേറി വന്നു. എന്നാൽ പെൺകുട്ടി അതിനെ വിരോധിക്കുകയാണ് ചെയ്തത്. സ്കൂളധികൃതർ കമ്പനിയിലേക്ക് പരാതി അറിയിച്ചു. കമ്പനിയുടെ നടത്തിപ്പുകാർ പറഞ്ഞു, നീന്തൽ പഠിത്തത്തിന്റെ ഭാഗമാണ്. അതിൽ പങ്കെടുത്തില്ലെങ്കിൽ ജോലിയിൽ നിന്നും പിരിച്ചു വിടുന്നതാണ്. എന്നാൽ പെൺകുട്ടി തന്റെ വിശ്വാസത്തിൽ ഉറച്ചു നിന്നു. എന്ത് വന്നാലും ആൺകുട്ടികളോടൊപ്പം നീന്തുന്നതല്ല എന്ന് പറഞ്ഞു. എന്തായാലും സമ്മർദ്ദം ഏറി വന്നപ്പോൾ ആ പെൺകുട്ടി സ്വയം തനിക്ക് കോഴ്സ് തുടർന്ന് കൊണ്ട് പോകാൻ കഴിയില്ല എന്ന് കമ്പനിയിലേക്ക് എഴുതി അറിയിച്ചു. കമ്പനിയെ വിട്ടുകൊണ്ട് പാരലൽ കോളേജിൽ പ്രവേശനം നേടി. ആ പെൺകുട്ടി കമ്പനിയെ ഉപേക്ഷിച്ചപ്പോൾ അല്ലാഹുവും അസാധാരണമായ ശക്തിപ്രഭാവം കാണിച്ചു കൊടുത്തു. ആ കമ്പനിക്ക് ഉണ്ടായിക്കൊണ്ടിരുന്ന ലാഭം നഷ്ടത്തിലേക്ക് കൂപ്പ് കുത്തി. പതുക്കെ പതുക്കെ ജോലിയും കുറഞ്ഞു കൊണ്ടിരുന്നു. തൽഫലമായി ആളുകളെ പിരിച്ചു വിടേണ്ടിവന്നു. അവസാനം ഈ നഷ്ടത്തിന്റെ കാരണങ്ങൾ പഠിക്കുന്നതിനായി മീറ്റിംഗ് വിളിച്ചു ചേർത്തപ്പോൾ ഒരു അഹ്മദി പരസ്യമായി പറഞ്ഞത്, ഒരു നിഷ്കളങ്കയുടെ ശാപ പ്രാർത്ഥന ഏറ്റിരിക്കുന്നു. എന്നാണ്. ആ കമ്പനിയിലെ ഒരാൾ ആ കുട്ടിയോട് മെയിലിലൂടെ അറിയിച്ചുകൊണ്ട് എഴുതി, നീ ഞങ്ങളുടെ കമ്പനിയെ ഉപേക്ഷിച്ചപ്പോൾ ഏതാനും ദിവസം വരെ നീ ഈ കമ്പനിയിലുള്ളവരുടെ ചർച്ചാവിഷയമായിരുന്നു. പിന്നീട് ഒരിക്കലും അത് പരാമർശവിധേയമായിട്ടില്ല. എന്നാൽ ഏതോ ഒരഹ്മദി നമ്മുടെ കമ്പനിക്ക് ഒരു നിഷ്കളങ്കയുടെ ശാപപ്രാർത്ഥന ഏറ്റിരിക്കുന്നു എന്ന് പറഞ്ഞതു മുതൽ നീ വീണ്ടും ചർച്ചാ വിഷയമായിരിക്കുകയാണ്. എല്ലാവരും പറയുന്നത് അനീതി കാണിക്കപ്പെട്ട നിഷ്കളങ്ക നീയാണെന്നാണ്. ആ കുട്ടിയെ നിത്യവും വിഷമിപ്പിച്ചിരുന്ന മാനേജരായിരുന്ന സ്ത്രീയെ പിരിച്ചു വിട്ടു. എന്നാൽ ഈ കുട്ടി കോളേജിൽ നല്ല നിലയിൽ പഠിക്കുകയും ഉന്നത വിജയം കരസ്ഥമാക്കി കോഴ്സ് പൂർത്തിയാക്കുകയും ചെയ്തു. ആ കുട്ടി അല്ലാഹുവിന്റെ തൃപ്തിക്കാണ് മുൻഗണന നൽകിയത്. അവളുടെ ഭൗതിക ആഗ്രഹങ്ങൾ അല്ലാഹുവും പൂർത്തിയാക്കികൊടുത്തു. നമ്മുടെ പെൺകുട്ടികൾക്കും ഇതിൽ പാഠമുണ്ട്. ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുക. ദൈവപ്രീതിക്ക് മുൻഗണന നൽകുക അപ്പോൾ അല്ലാഹു കാരുണ്യം വർഷിച്ചുകൊണ്ടിരിക്കുന്നതാണ്. ഇവി

ടെയുള്ള എല്ലാ സ്വായത്തമാക്കേണ്ടത് അനിവാര്യമല്ല. എന്ത് പറഞ്ഞാലും അനുസരിക്കേണ്ടതില്ല. അവരിലുള്ള നന്മകളെ സ്വായത്തമാക്കുക. അവരിലുള്ള തിന്മകളിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. നീന്തൽ പെൺകുട്ടികൾക്ക് നിഷിദ്ധമല്ല. നീന്തേണ്ടതാണ്. എന്നാൽ പെൺകുട്ടികൾ പെൺകുട്ടികളോടൊത്ത് നീന്തുക. എല്ലാവർക്കും നീന്താൻ അറിഞ്ഞിരിക്കേണ്ടതാണ്. നല്ല കാര്യമാണിത്. ഇക്കാലത്ത് പെൺകുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിന് ഊന്നൽ നൽകാൻ തുടങ്ങിയിട്ടുണ്ട്.

ഞങ്ങളുടെ പിതാമഹി പറയുമായിരുന്നു, അക്കാലത്ത് സ്വിമ്മിംഗ് പൂളൊന്നും ഉണ്ടായിരുന്നില്ല. നദികളിൽ പോയായിരുന്നു നീന്തിയിരുന്നത്. അവർ നല്ല നീന്തൽക്കാരിയായിരുന്നു. 100 വർഷങ്ങൾക്ക് മുമ്പുള്ള കാര്യമാണ്.

ചുരുക്കത്തിൽ നമ്മുടെ സ്ത്രീകളും നീന്താറുണ്ട്, നീന്തൽ പഠിക്കേണ്ടതാണ്, നീന്തേണ്ടതാണ്. എന്നാൽ സംഘാടകരുമായി ചേർന്ന് കൊണ്ട് പെൺകുട്ടികൾക്കുള്ള സമയത്ത് പെൺകുട്ടികൾ മാത്രം നീന്തുന്ന സംവിധാനം ചെയ്യേണ്ടതാണ്. അത് സംഭവ്യമാണ്. യൂറോപ്പിൽ ചിലയിടങ്ങളിൽ അതിനായി പരിശ്രമിച്ചപ്പോൾ വിജയിച്ചതായി ഞാൻ കണ്ടിട്ടുണ്ട്.

ഇപ്പോഴത്തെ നമ്മുടെ ഹൈക്കോടതിയിലെ ജഡ്ജിയായ ഒരു ആത്മാർത്ഥ സുഹൃത്തിന് ആശംസക്കളർപ്പിച്ചുകൊണ്ട് ഘാന ബാർ അസോസിയേഷൻ എഴുതുന്നു. സയീദ് കോഫൂ സാഹിബ് എന്നാണ് പേര്. അപ്പീൽ കോർട്ട് ജഡ്ജിയായി നിയമിക്കപ്പെട്ടിരിക്കുകയാണ്. അതിൽ എഴുതുന്നു, പൊതുവിൽ മനുഷ്യന് തെറ്റു പറ്റുന്നു. എന്നാൽ നിങ്ങൾ ഒരു മനുഷ്യൻ തന്നെയായിട്ടും യാതൊരു വിധത്തിലുള്ള അഴിമതിയും ചെയ്തിട്ടില്ല. വിധി കല്പിച്ചതിനു ശേഷം താങ്കൾ നന്ദി സൂചകമായ ഉപഹാരം സ്വീകരിക്കാനും ഇഷ്ടപ്പെടുന്നില്ല. താങ്കളുടെ വ്യക്തിത്വത്തിൽ അഴിമതിയുടെ ലാഞ്ചന അല്പം കാണപ്പെടുന്നില്ല. ഘാന ബാർ അസോസിയേഷൻ താങ്കളെ സത്യസന്ധനും, പരിശ്രമശാലിയും അഴിമതി രഹിത ജഡ്ജിയുമായി പ്രഖ്യാപിപ്പിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബയ്അത്തിൽ വന്നതിനു ശേഷം അതിന്റെ യാഥാർത്ഥ്യത്തെ മനസ്സിലാക്കുന്നവർക്ക് ഉണ്ടാകുന്ന പരിവർത്തനമാണിത്.

പാക്കിസ്ഥാനിലെ ജഡ്ജിമാരെ നോക്കുക. തീരുമാനം കല്പിച്ചതിനു ശേഷം മൗലവിമാരെ ഭയപ്പെട്ടുകൊണ്ട് തീരുമാനം മാറ്റുന്നു. പല കേസുകളിലും ജമാഅത്തിനനുകൂലമായി, മർദ്ദിതരുടെ അവകാശം നേടിയെടുക്കുന്നതിനായി വിധി കല്പിക്കുകയുണ്ടായി. പിന്നീട് ഹൈക്കോടതിയോ സുപ്രീം കോടതിയോ അതിനെ തിരുത്തുന്നു.

ചുരുക്കത്തിൽ ഈ ബഹുമതിയും ഇന്ന് അഹ്മദിയ്യാ ജമാഅത്തിനാണ് കരസ്ഥമായിട്ടുള്ളത്. ഓരോ അഹ്മദിയും ഈ ബഹുമതി കരസ്ഥമാക്കാനായി ശ്രമിക്കേണ്ടതാണ്.

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ബയ്അത്ത് നിബന്ധനകളിൽ ഒന്ന് അല്ലാഹുവിനാൽ നൽകപ്പെട്ട കഴിവുകളുപയോഗിച്ച് മനുഷ്യകുലത്തിന് പ്രയോജനം എത്തിക്കുക എന്നതുമാണ്.

അന്യരിൽ നിന്ന് അതിനെ അംഗീകരിച്ചു കൊണ്ടുള്ള പ്രകടനം എപ്രകാരമാണ് ഉണ്ടാകുന്നത് എന്നതിന് ഞാനൊരു ഉദാഹരണം സംമർപ്പിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്ത് സെറാല്യൂണിന്റെ 52 ാം ജൽസാ സാലാനയിലെ തന്റെ പ്രഭാഷണത്തിൽ സെറാല്യൂൺ രാഷ്ട്രപതി പറഞ്ഞു. ജമാഅത്ത് അഹ്മദിയ്യായുടെ മാത്രമല്ല, നമ്മുടെ സമുദായത്തിന്റെ തന്നെ ഒരു സുപ്രധാന പരിപാടിയിൽ പങ്കാളിയായിരിക്കുന്നു എന്നതിൽ ഞാൻ വളരെ സന്തോഷവാനാണ്. ഞാനിവിടെ വന്നത്, ഒരു രാഷ്ട്രപതി എന്ന നിലയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ രാഷ്ട്രത്തിന്റെയും സമുദായത്തിന്റെയും പുരോഗതിക്ക് വേണ്ടിയുള്ള സേവനത്തെ വിലമതിക്കുന്നതിനും ആശംസകൾ അർപ്പിക്കുന്നതിനായിട്ടാണ്. അഹ്മദിയ്യാ ജമാഅത്തിനെ സർക്കാരും ജനങ്ങളും എത്രത്തോളം ആദരിക്കുന്നു എന്ന് പറയാൻ വേണ്ടിയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ മുദ്രാവാക്യം എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നതാണ്. വർഷങ്ങളായി ജമാഅത്ത് ഇത് നാവ് കൊണ്ട് ഉരുവിടുക മാത്രമല്ല മറിച്ച്, ഇതിന്റെ പ്രവർത്തന രൂപവും കാണിച്ചുതന്നു കൊണ്ടിരിക്കുന്നു. പൊതു ജനങ്ങളോടുള്ള സ്നേഹത്തിന്റെ ഭാഗമായിട്ടു തന്നെയാണ് ജനങ്ങളെ അറിവിന്റെ ആഭരണത്താൽ വിദൂഷിതരാകുന്നതിനായി രാജ്യത്തിന്റെ എല്ലാ കോണുകളിലും സ്കൂളുകൾ തുറന്നിട്ടുള്ളത്. മത വർഗഭേദമന്യെ ഞങ്ങളുടെ ജനങ്ങൾ ജമാഅത്തിന്റെ സ്കൂളുകളിൽ നിന്ന് പ്രയോജനം കരസ്ഥമാക്കുന്നു. ആരോടുമില്ല വെറുപ്പ് എന്നതിന്റെ പ്രായോഗിക രൂപമായി ജനങ്ങളുടെ ശാരിരിക ക്ഷേമത്തിനായി ആശുപത്രികൾ തുറന്നിരിക്കുന്നു. എല്ലാ തരത്തിലുള്ള ജനങ്ങളും യാതൊരു വ്യതിരിക്തതയും ഇല്ലാതെ ആശുപത്രികളിൽ നിന്ന് ഫലമെടുക്കുന്നു. ഇത് ജമാഅത്തിന്റെ വിശാലമായ ശുഭാപ്തി വിശ്വാസത്തിന്റെ ലക്ഷണമാണ്. നാമെല്ലാവരും തോളോടുതോൾ ചേർന്ന് നീങ്ങേണ്ടതാണെന്ന് എനിക്ക് തോന്നുന്നു. ഞാൻ രാഷ്ട്രപതി എന്ന നിലയിലാണ് വന്നിരിക്കുന്നത്. നിങ്ങളുടെ ഈ സേവനത്തിന് ആശംസകൾ അർപ്പിക്കുന്നതിനായിട്ടാണ് വന്നിരിക്കുന്നത്. നിങ്ങളുടെ ഈ അമൂല്യമായ സേവനത്തിൽ രാജ്യവും ജനങ്ങളും സന്തോഷിക്കുന്നു. ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിനോട് കൃതജ്ഞതയുള്ളവരാണ്.

അറേബ്യയിൽ നിന്നും ധനികരാരും വന്നിട്ടില്ല. എന്നാൽ ജമാഅത്തിന്റെ ഈ പ്രഭാവവും പ്രതാപവും വളരുന്നതായി കണ്ടിട്ട് ചില രാഷ്ട്രപ്രതിനിധികൾ അവിടെ എത്താൻ തുടങ്ങിയിട്ടുണ്ട്. ഞങ്ങൾ നിങ്ങൾക്കായി സ്കൂളുകളും കോളേജുകളും തുറക്കുന്നതാണ്.എന്ന് പറയുന്നുണ്ട്. അല്ലാഹു അവരുടെ നീതിയുടെ കണ്ണുകൾ തുറക്കട്ടെ. ആരോടും അനീതി വർത്തിക്കാതിരിക്കട്ടെ.

അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതിലേക്കുള്ള ചായ്വിനെ സംബന്ധിച്ചുള്ള അന്യരുടെ വെളിപ്പെടുത്തൽ ഇപ്രകാരമാണ്. സെറാല്യൂണിലെ ഒരു രാഷ്ട്രീയ പാർട്ടിയുടെ മുൻ ചെയർമാൻ സെറാലൂൺ ജൽസാ സാലാനയിൽ അഭിപ്രായം പ്രകടിപ്പിച്ചു കൊണ്ട് തന്റെ പ്രഭാഷണത്തിൽ പറയുന്നു, ഞാൻ യു.കെ. ജൽസാ സാലാനയിലും പല തവണ പങ്കെടുത്തിട്ടുണ്ട്. അവിടുത്തെ ജനങ്ങളുടെ ഉന്നത ഗുണങ്ങളെയും ഇസ്‌ലാമിക അദ്ധ്യാപനങ്ങളിലുള്ള പ്രതിബന്ധതയെയും കുറിച്ചുള്ള അറിവുണ്ട്. അതിൽ നിന്നും ഞാൻ അനുമാനിക്കുന്നത്, ഇസ്‌ലാമിന്റെ ഭാവി അഹ്മദിയ്യാ ജമാഅത്തിലൂടെ പ്രകാശിതമാകും എന്ന് തന്നെയാണ്. അതിന്റെ

തെളിവ് നാം കണ്ടുകൊണ്ടിരിക്കുന്നു. ഞാൻ പറയുന്നു, അഥവാ നമുക്ക് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കാൻ സാധിക്കുന്നില്ലായെങ്കിൽ തന്നെയും ജമാഅത്തിന്റെ പുരോഗതിയെയും അദ്ധ്യാപനങ്ങളെയും സംബന്ധിച്ചുള്ള നമ്മുടെ തെറ്റിധാരണകളെ പ്രകടിപ്പിക്കാതിരിക്കേണ്ടതാണ്. ഈ ജൽസയുടെ പ്രമേയത്തെയും ജൽസാഗാഹിൽ പതിച്ചിട്ടുള്ള പോസ്റ്ററുകളിലേക്കും നോക്കിയാൽ അതിലെ വാക്യങ്ങളിൽ നിന്ന് മനസ്സിലാകുന്നത് അഥവാ ആരെങ്കിലും മുഹമ്മദ് റസൂലുല്ലാഹ് (സ) യെ യഥാർത്ഥമായി സ്നേഹിക്കുന്നുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളാണെന്നാണ്. ഇസ്ലാമിന്റെ പ്രകാശമയമായ ഭാവി അഹ്മദിയ്യാ ജമാഅത്തിന്റെ കയ്യിലാണെന്നത് അംഗീകരിക്കാതിരിക്കാൻ ജൽസയിൽ പങ്കെടുക്കുന്ന ആർക്കും തന്നെ സാധിക്കില്ലാ എന്നത് ഞാൻ പരസ്യമായി പ്രഖ്യാപിക്കുകയാണ്. ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സൗന്ദര്യം. അങ്ങിനെയാണ് വേണ്ടതും. അതായത് യഥാർത്ഥ ഇസ്ലാമും നബി തിരുമേനി (സ) യോടുള്ള അനുരക്തിയും, നബി (സ) യുടെ മാതൃകയെ പിൻ പറ്റുന്നതിനുള്ള പരിശ്രമവും അഹ്മദികളാണ് ചെയ്യുന്നതെന്ന് അന്യരും അംഗീകരിക്കണം.

സ്പെയ്നിൽ നിന്ന് ആയിശ ബോതർസസ് സാഹിബ പറയുന്നു, അവരെനിക്ക് കത്തെഴുതിയിട്ടുണ്ട്. ഞാൻ എന്റെ അഹ്മദി ഭർത്താവുമൊത്ത് ഭർതൃവീട്ടിലാണ് താമസിക്കുന്നത്. അവരെല്ലാവരും അനഹ്മദികളാണ്. എല്ലാവരും ഇരുന്ന് പരസ്പരം പരദൂഷണം പറയുമ്പോൾ എനിക്ക് വളരെ വിഷമം തോന്നുമായിരുന്നു. അക്കൂട്ടത്തിൽ ഇരിക്കാൻ ഞാൻ ഇഷ്ടപെടുന്നില്ല. അതു പോലെ ബയ്അത്തു ചെയ്തതു മുതൽ ഞാൻ പുരുഷന്മാരുമായി ഹസ്തദാനം ചെയ്യുന്നത് ഉപേക്ഷിച്ചു. അന്യപുരുഷന്മാരുടെ സദസ്സിൽ ഇരിക്കുന്നതും ഉപേക്ഷിച്ചു. ഇത് അവർക്ക് ഇഷ്ടപ്പെട്ടില്ല. എന്നോട് മോശമായി പെരുമാറുന്നു. പുരുഷന്മാരുമായി ഹസ്തദാനം ചെയ്യുന്നത് വിരോധിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഹദീസ് മനസ്സിലാക്കിത്തരുന്നത്. ഞങ്ങൾ ഭാര്യാഭർത്താക്കന്മാർ ഈയൊരവസ്ഥയിൽ വളരെ സഹനത്തോടു കൂടി കഴിച്ചു കൂട്ടുന്നു. അല്ലാഹു ഞങ്ങൾക്കൊരു മറ്റൊരു വീട് ഒരുക്കി തരികയും അവിടെ സ്വാതന്ത്ര്യത്തോടു കൂടി കാലത്തിന്റെ ഇമാമിന്റെ അദ്ധ്യാപനങ്ങളെ പ്രാവർത്തികമാക്കുന്നതിനായി ദുഃആ ചെ യ്യുക.

ഈയൊരു പരിവർത്തനമാണ് അവരിൽ സംജാതമാകുന്നത്. പുരുഷന്മാരോട് ചിലപ്പോൾ സലാം പറയേണ്ടി വരുന്നു എന്നതിൽ ഒരു അഹ്മദി പെൺകുട്ടിക്ക് ഒരു തരത്തിലുള്ള സങ്കോചവും ഉണ്ടാകേണ്ട ആവശ്യമില്ല. സലാം പറയേണ്ട യാതൊരു ആവശ്യവുമില്ല. പുരുഷനുമായി ഹസ്തദാനം ചെയ്യുന്നത് വിലക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് പാലിക്കേണ്ടതാണ്. പുരുഷന്മാരും സ്ത്രീകളുമായി ഹസ്തദാനം ചെയ്യാതിരിക്കാനായി ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടണമെങ്കിൽ പ്രത്യക്ഷത്തിൽ നിസാരമായി തോന്നുന്ന കല്പനയെ പോലും പാലിക്കാനായി ശ്രമിക്കേണ്ടതാണ്.

മറ്റൊരു വ്യക്തി എഴുതുന്നു, ഇന്ത്യക്കാരനാണെന്ന് തോന്നുന്നു. അഹ്മദിയ്യാ ജമാഅത്ത് ചട്ച്ചലയിൽ അനഹ്മദി പൺഡിതന്മാരും ഏതാനും അക്രമികളായ ആളുകളും മിഷൻ ഹൗസിനെ ആക്രമിച്ചു, പള്ളിയെ കൈവശപ്പെടുത്തി. ഗോദാവരിയിലെ മുബല്ലിഗാണ് എഴുതുന്നത്. അഹ്മദിയ്യാ ജമാഅത്തായിരുന്നു ആ പള്ളിയെ സജീവമാക്കിയത്. ഈ പള്ളിയിലെ ഇമാമത്ത് ഇനി ഞങ്ങളാണ് നിർവ്വഹിക്കുക, വേണമെങ്കിൽ നിങ്ങൾക്ക് പള്ളിയിൽ വന്ന് നമസ്കരിക്കാവുന്നതാണ് എന്നാണ് അവർ പറഞ്ഞത്. എന്നാൽ അല്ലാഹു ആളുകളിൽ ജമാഅത്തിനോടുള്ള ആകർഷണം എത്രത്തോളം ഇട്ടിട്ടുണ്ടെന്നാൽ, എത്ര വികാരം നിറച്ചിട്ടുണ്ടെന്നാൽ ആരും തന്നെ അവരുടെ പിന്നിൽ നമസ്കരിക്കുന്നത് ഇഷ്ടപ്പെട്ടില്ല. എല്ലാവരും അവരുടെ പിന്നിൽ നമസ്കരിക്കുന്നതിനെ വിരോധിച്ചു. അഹ്മദിയ്യത്തിൽ തന്നെ ഉറച്ചു നിന്നു.

ദീനിനോടുള്ള വികാരാവേശത്തിന്റെ ഒരു ഉദാഹരണമാണിത്. കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിക്കാത്തവരുടെ, നബി(സ) യുടെ പ്രവചനമനുസരിച്ച് അല്ലാഹുവിനാൽ നിയോഗിതനായ ഇമാമിൽ വിശ്വസിക്കാത്തവരുടെ പിന്നിൽ എപ്രകാരമാണ് നമസ്കരിക്കുക. കാലഘട്ടത്തിന്റെ ഇമാമിനെ നിഷേധിക്കുന്നവരെ എങ്ങിനെയാണ് ഇമാമാക്കുക. ഞങ്ങൾക്ക് ദാസരെയല്ല മറിച്ച് അല്ലാഹുവിനെയാണ് പ്രീതിപ്പെടുത്തേണ്ടത്. ഇതായിരുന്നു അവരുടെ വികാരം. തൽസംബന്ധമായും സൂക്ഷ്മത പാലിക്കേണ്ടതാണ്. ബയ്അത്തിന്റെ യാഥാർത്ഥ്യത്തെ മനസ്സിലാക്കുകയും തങ്ങളിൽ ഒരു പരിശുദ്ധ പരിവർത്തനം ഉണ്ടാക്കിയവരും, അതിനായി പരിശ്രമിക്കുന്നവരും ഭാഗ്യവാന്മാരാണ്. നമ്മളോരോരുത്തരേയും അല്ലാഹു ബയ്അത്തിന്റെ കടമ നിർവ്വഹിക്കുന്നവരായി മാറ്റട്ടെ. നമ്മെ അല്ലാഹുവുമായി അടുപ്പിക്കുന്നതിനായി ഹദ്റത് മസീഹ് മൗഊദ് (അ) ന് ഉണ്ടായിരുന്ന വേദനയെ മനസ്സിലാക്കുന്നരുമായി നമ്മെ മാറ്റട്ടെ.

ആ മഹാത്മാവ് പറയുന്നു, ഇക്കാര്യങ്ങളെ ആരുടെയെങ്കിലും ഹൃദയങ്ങളിലേക്കെത്തിക്കുക എന്നത് എന്റെ ജോലിയല്ല എന്നെനിക്ക് നന്നായിട്ടറിയാം. എന്റെ വാക്കുകളെ ഏതെങ്കിലും ഉപകരണം കൊണ്ട് ജനങ്ങളുടെ ഹൃദയത്തിൽ പതിപ്പിക്കാനും സാധ്യമല്ല എന്നുമെനിക്കറിയാം. വീണ്ടും പറയുന്നു, സ്നേഹത്തിലും ആത്മാർത്ഥതയിലും പുരോഗതി കൈവരിച്ച ആയിരക്കണക്കിന് ആളുകളുണ്ട്. എന്നാൽ ചില സമയത്ത് പഴയ ശീലങ്ങൾ അല്ലെങ്കിൽ മനുഷ്യ ബലഹീനത കാരണത്താൽ ഭൗതിക കാര്യങ്ങളിൽ അധിക സമയം ചെലവഴിക്കുന്നത് കാരണം ദീനിന്റെ കാര്യത്തിൽ അലംഭാവം കാണിക്കുന്നു. പറയുന്നു, സ്നേഹത്തിലും ആത്മാർത്ഥതയിലും പുരോഗതി കൈവരിച്ചിരിക്കാം. എന്നാൽ ചില ബലഹീനതകൾ വെളിപ്പെടുന്നു. ആ ബലഹീനതകളെയും ദുരീകരിക്കാനായി ശ്രമിക്കേണ്ടതാണ്. പറയുന്നു, നാം പറയുന്നതിന്റെ അർത്ഥം ദീനിന്റെ മുന്നിൽ ഭൗതിക കാര്യങ്ങളെ യഥാർത്ഥ്യമായി കാണാത്ത തരത്തിലുള്ള തികച്ചും പരിശുദ്ധവും നിഷ്കളങ്കരുമായിതീരുക. ദൈവത്തിൽ നിന്ന് ദൂരപ്പെടുന്നതിനുള്ള കാരണമായിരുന്ന നാനാ തരത്തിലുള്ള അലസതകളിൽ നിന്നും അകലുക. ഈ അവസ്ഥ സംജാതമാകാത്തതും വരെയുള്ള അവസ്ഥ ഗുരുതരമായിരിക്കും. സംതൃപ്തിക്കർഹമായിരിക്കുകയുമില്ല.

അതിനാൽ പ്രത്യേകിച്ച് നമുക്ക് ആത്മപരിശോധന നടത്തേണ്ടതിന്റെ ആവശ്യമുണ്ട്. നമ്മുടെ അവസ്ഥകളെ അല്ലാഹുവിന്റെ പ്രീതിക്കനുഗുണമായ നിലയിൽ ആക്കിത്തീർക്കേണ്ടതുണ്ട്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

From

Ahmadiyya Mission House
K.N.Road Karapparamba
Calicut -10

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 October 11 at : Austraila
Translation: T.M.Abdul Mujeeb, Kakkanad - 09946794987

# PRINTED BOOKS

To

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**